കാരുണ്യ ബനവലന്റ് ഫണ്ട്

133 (139) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികളിൽ നടത്തുന്ന ഏതൊക്കെ ചികിത്സകൾക്കാണ് പണം ലഭിക്കുന്നതെന്ന് ആശുപത്രിയുടെ പേരു സഹിതം വിശദമാക്കാമോ ;

(ബി) നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ആശുപത്രികളിൽ സർക്കാർ നിർദ്ദേശിച്ചിട്ടില്ലാത്ത ചികിത്സകൾ നടത്തുന്ന രോഗികൾക്ക് പ്രസ്തുത ചികിത്സാ ചെലവ് നൽകാൻ എന്തെങ്കിലും പ്രത്യേക ഇളവ് നൽകുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) കാരുണ്യ പദ്ധതിപ്രകാരം സമാശ്വാസ ചികിത്സാ സഹായമായി ഇപ്പോൾ അനുവദിക്കുന്നത് എത്ര രൂപയാണ്; ചില പ്രത്യേക സാഹചര്യങ്ങളിൽ അടിയന്തര ശസ്ത്രക്രിയ പോലുള്ള ചികിത്സ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ആശുപത്രികളിലല്ലാതെ നടത്തിയവർക്ക് പ്രസ്തുത പദ്ധതി പ്രകാരം വളരെ കുറഞ്ഞ തുക ലഭിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തുക വർദ്ധിപ്പിച്ച് 5,000 രൂപയോ 10,000 രൂപയോ ആക്കിനൽകാൻ തയ്യാറാകുമോ ;

(ഡി) കാരുണ്യ പദ്ധതിയിൽ ചില ശസ്ത്രക്രിയയ്ക്കും മറ്റും കൂടുതൽ തുക ചെലവഴിക്കേണ്ടിവരുന്ന സാഹചര്യത്തിൽ നിലവിൽ അനുവദിക്കുന്ന 2 ലക്ഷം രൂപ വർദ്ധിപ്പിച്ച് പരമാവധി 4 ലക്ഷം രൂപ വരെയാക്കി നൽകാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇല്ല.

(സി) കാരുണ്യ പദ്ധതി പ്രകാരം സമാശ്വാസ ചികിത്സാ ധനസഹായമായി 3,000 രൂപയാണ് അനുവദിക്കുന്നത്. കാരുണ്യ ബനവലന്റ് ഫണ്ട് സംസ്ഥാനതല കമ്മിറ്റി ചെയർമാന്റെ നിർദ്ദേശാനുസരണം ലഭിക്കുന്ന അപേക്ഷകൾക്ക് 3,000 മുതൽ 5,000 രൂപവരെ അനുവദിക്കുന്നുണ്ട്.

(ഡി) കാരുണ്യ, കാരുണ്യപ്ലസ് എന്നീ ലോട്ടറികളിൽനിന്നുള്ള ലാഭം ഉപയോഗിച്ചാണ് ചികിത്സാ ധനസഹായം നൽകുന്നത്. പ്രസ്തുത വരുമാനത്തെക്കാൾ ചികിത്സാച്ചെലവ് വളരെ അധികരിച്ചിരിക്കുന്നതിനാൽ ചികിത്സാ ധനസഹായം വർദ്ധിപ്പിച്ചുനൽകുന്നതിന് തടസ്സമുണ്ട്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly